കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695 001
ഫോൺ 0471 – 2331159, 2330558
Email : cei@ceikerala.gov.in

An IS 15700 : 2005 Certified Department

# പ്രളയക്കെടുതി നേരിട്ട സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്ക്

| ചെയ്യേണ്ടവ | ചെയ്യാൻ പാടില്ലാത്തവ |
|---|---|
| പുരയിടത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പായി പ്രസ്തുത സ്ഥലത്ത് വൈദ്യുത ബന്ധം ഉണ്ടോ ഇല്ലയോ എന്ന് ഉറപ്പു വരുത്തുക. | ഒരാൾ മാത്രമായി സ്ഥാപനങ്ങൾ/വീടുകൾ എന്നിവിടങ്ങളിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കരുത്. |
| പുരയിടത്തിലേക്ക് കടക്കുന്നതിനുമുമ്പായി വീട്/സ്ഥാപനത്തിലേയ്ക്കുള്ള വൈദ്യുതി ലൈൻ/സർവ്വീസ് വയർ എന്നിവ പൊട്ടി വീണിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക. | ചുറ്റുവട്ടത്ത് വൈദ്യുതി ഉണ്ടെങ്കിൽ പ്രസ്തുത ലൈൻ/സർവ്വീസ് വയർ ഓഫ് ചെയ്തു എന്ന് ഉറപ്പുവരുത്താതെ അതിനടുത്തേയ്ക്ക് പോകുകയോ സ്പർശിക്കുകയോ ചെയ്യരുത്. |
| ലൈനുകൾ പൊട്ടിക്കിടക്കുന്നതോ താഴ്ന്നു കിടക്കുന്നതോ ആയി ശ്രദ്ധയിൽപെട്ടാൽ **9496061061** എന്ന ഹെൽപ്പ് ലൈനിൽ ബന്ധപ്പെടുക. | ഏതെങ്കിലും സ്വിച്ച് ബോർഡോ എക്സ്റ്റൻഷൻ ബോർഡോ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽ പെടുന്ന പക്ഷം അതിന്റെ സമീപത്ത് പോകരുത്. |
| നനവില്ലാത്ത ചെരുപ്പ് ധരിച്ച് മാത്രമേ സ്വിച്ചുകൾ ഓണാക്കാവൂ. | പൊട്ടിക്കിടക്കുന്ന എർത്ത് കമ്പിയിൽ സ്പർശിക്കാൻ പാടില്ല. |
| ഇ.എൽ.സി.ബി പ്രവർത്തനക്ഷമമാണോയെന്ന് അതിന്റെ ടെസ്റ്റ് ബട്ടൺ അമർത്തി ട്രിപ്പ് ആകുന്നുണ്ടോയെന്ന് നോക്കുക. | ഒരു കാരണവശാലും ഇ.എൽ.സി.ബി ബൈപാസ് ചെയ്ത് വൈദ്യുതി ബന്ധം പുന:സ്ഥാപിക്കരുത്. |
| വീട്ടിലെ പ്ലഗ്ഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും അഴിച്ചു മാറ്റുക. | ഏതെങ്കിലും ഉപകരണം നനഞ്ഞതായോ വെള്ളം കയറിയതായോ കാണുകയാണെങ്കിൽ ആ ഉപകരണം ഉപയോഗിക്കരുത്. |
| ഇ.എൽ.സി.ബി പ്രവർത്തനക്ഷമമാണെങ്കിൽ ഓരോരോ എം.സി.ബി ഓൺ ചെയ്യാവുന്നതാണ്. | ഇ.എൽ.സി.ബിയോ എം.സി.ബിയോ ട്രിപ്പ് ആകുന്ന പക്ഷം ഉപകരണങ്ങൾ സ്വയം ഓൺ ആക്കാൻ ശ്രമിക്കരുത്. |
| കൈകൊണ്ട് സ്പർശിക്കാതെ എനർജി മീറ്ററിന് കേടുപാടോ കത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക. | ഇൻവെർട്ടറുകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കരുത്. |
| വൈദ്യുതി സംബന്ധമായ സഹായത്തിന് കെ.എസ്.ഇ.ബി.എൽ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി ബന്ധപ്പെടേണ്ടതാണ്. | ജോയിന്റുള്ള പ്ലാസ്റ്റിക്ക് വയർ ഉപയോഗിച്ച് താത്ക്കാലിക വയറിംഗ് നടത്തരുത്. |
| വീട്ടിലെ വയറിംഗ് സംബന്ധമായ തകരാറുകൾ പരിശോധിക്കുന്നതിനായി വയർമാൻമാരുടെ സൗജന്യ സേവനത്തിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ ബന്ധപ്പെടുക | ശക്തമായ സൂര്യ പ്രകാശം ഉള്ളപ്പോൾ സോളാർ പ്രതിഷ്ഠാപനങ്ങളുമായി സമ്പർക്കം പുലർത്തരുത് |
| സ്വിച്ച് പ്രവർത്തിപ്പിക്കുമ്പോൾ മറുകൈ ഭിത്തിയിലോ മറ്റോ തൊടാതിരിക്കാൻ ശ്രദ്ധിക്കുക | പാചക വാതകം മറ്റു വാതക സാന്നിദ്ധ്യം എന്നിവ അനുഭവപ്പെടുകയാണെങ്കിൽ സ്വിച്ചുകളോ മറ്റു വൈദ്യുത ഉപകരണങ്ങളോ പ്രവർത്തിപ്പിക്കരുത്. |
| വൈദ്യുതി പുന:സ്ഥാപിക്കുന്ന ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സഹകരിക്കുക | ഏതെങ്കിലും സ്വിച്ച് ബോർഡോ കേടായ ഉപകരണങ്ങളോ സ്വയം റിപ്പയർ ചെയ്യരുത് |

ഒപ്പ്/–

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**